## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **4372** — 13/11/2019-ൽ മറുപടിയ്ക്ക്

### <u>ഗോത്രവാത്സല്യ നിധി പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഗോത്രവാത്സല്യ നിധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി യിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെ ല്ലാമാണ്; വ്യക്തമാക്കുമോ; | (എ) | ഗോത്രവാത്സല്യനിധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ഗോത്രവാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ഇവരുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക, വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഇവരുടെ കൊഴിഞ്ഞ് പോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ മുഖേന 1,38,000/- രൂപ സർക്കാർ വിഹിതമായി അടച്ചാണ് പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നത്. ടി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിയ്ക്ക് 2 വയസ് പൂർത്തിയായി പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000/- രൂപയും 5 വയസ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000/- രൂപയും, പെൺകുട്ടിയ്ക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000/- രൂപയും, പത്താം ക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ 10,000/- രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിയ്ക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ |

| | | | |
|---|---|---|---|
| | | | ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു.<br>(1) അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.<br>(2) സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു.<br>(3) കൂടാതെ മാതാപിതാക്കളിൽ രണ്ടാമത്തെ യാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.<br>ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു.<br>(1) അപകടം മൂലം പൂർണമായും ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു.<br>(2) അപകടം മൂലം ഭാഗികമായി ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു. |
| **(ബി)** | പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത്; പ്രസ്തുത പദ്ധതി യിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കാമോ? | **(ബി)** | 01/04/2017 മുതലാണ് പദ്ധതി നടപ്പിലാക്കിയത്. 4,20,00,000/- രൂപ പദ്ധതി നടത്തിപ്പിനായി ഇതുവരെ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ